# കേരളാ ഗസറ്റ് ഭാഗം IV -ൽ പരസ്യങ്ങൾ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

1. (എ) പേര് / ഒപ്പ് / മതം എന്നിവ മാറ്റുന്നതിനും, ജാതി തിരുത്തുന്നതിനുമുള്ള വിജ്ഞാപനം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. അപേക്ഷാഫാറം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, വിവിധ ജില്ലകളിൽ നിലവിലുള്ള ജില്ലാ ഫാറം സ്റ്റോറുകൾ എന്നിവിടങ്ങളിൽനിന്നും നേരിട്ടും തപാൽ മുഖേനയും ലഭിക്കുന്നതാണ്. കൂടാതെ www.egazette.kerala.gov.in എന്ന വെബ്സൈറ്റിലെ പ്രസ്തുത ഫോറത്തിന്റെ പ്രിന്റും ഉപയോഗിക്കാവുന്നതാണ്.

(ബി)ഖണ്ഡിക-6 പ്രകാരം പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനം രണ്ട് കോപ്പിയും വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വസ്തുതകൾ തെളിയിക്കപ്പെടുന്നതിന് ഉപോൽബലകമായ അടിസ്ഥാന രേഖകൾ (സർക്കാർ സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം) ഹാജരാക്കണം.

(സി) അപേക്ഷ, തെളിവുരേഖകൾ എന്നിവ നിശ്ചിത രീതിയിൽ ആയിരിക്കേണ്ടതും അവയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം പൂർണ്ണവും പ്രസിദ്ധീകരണയോഗ്യവും ആയിരിക്കേണ്ടതുമാണ്. അല്ലാതെയുള്ള കാര്യത്തിൽ പരസ്യക്കൂലി മുൻകൂർ ഒടുക്കിയിട്ടുണ്ടെന്നതിന് പ്രാമുഖ്യം നൽകപ്പെടുന്നതല്ല. അപേക്ഷയും അനുബന്ധ രേഖകളും ക്രമത്തിലാണെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം പണം അടയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അപ്രകാരമല്ലാതെ മുൻകൂർ അടയ്ക്കുന്ന തുക യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

2. **പരസ്യകൂലി :**

| | | | രൂപ |
|---|---|---|---|
| (എ) | പേര് മാറ്റുന്നതിന്<br>(പുതിയ പേരിനനുസൃതായി ഒപ്പും മാറുന്നതാണ് എന്ന് പരസ്യത്തിൽ പറയുകയാണെങ്കിൽ ഒപ്പ് മാറ്റുന്നതിനായി പ്രത്യേക ഫീസ് ആവശ്യമില്ല) | — | 923 |
| (ബി) | ഒപ്പ് മാറ്റുന്നതിന്<br>(പഴയ ഒപ്പും പുതിയ ഒപ്പും വെള്ള പേപ്പറിൽ കുറഞ്ഞ മഷികൊണ്ട് രേഖപ്പെടുത്തി നൽകണം. ഒപ്പ് മാറ്റുന്നതിനോടൊപ്പം ആവശ്യമെങ്കിൽ പേരും മാറ്റാവുന്നതാണ്. ഇതിന് പ്രത്യേക ഫീസ് ആവശ്യമില്ല) | — | 1318 |
| (സി) | മതം മാറുന്നതിന് | — | 659 |
| (ഡി) | ജാതി തിരുത്തുന്നതിന് | — | 659 |
| (ഇ) | പാർട്ട് IV ഗസറ്റിന്റെ വില | — | 51 |
| (എഫ്) | പാർട്ട് IV ഗസറ്റ് രണ്ട് കോപ്പികൾ വരെ രജിസ്റ്റർ ചെയ്ത് തപാലിൽ അയയ്ക്കുന്നതിന്<br>(അതിനുമേൽ കോപ്പികൾ ഒന്നിന് അധികമായി 5 രൂപ വീതം) | — | 30 |
| (ജി) | ജില്ലാ ഫാറം ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷ ഗവൺമെന്റ് സെൻട്രൽ പ്രസ്സിലേക്ക് അയയ്ക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ ചാർജ്ജ് | — | 30 |
| (എച്ച്) | അപേക്ഷാഫാറത്തിന്റെ വില | — | 4 |

3. ഗസറ്റ് വിജ്ഞാപനത്തിനായി സമർപ്പിക്കുന്ന ഓരോ അപേക്ഷയോടുമൊപ്പം നിർദ്ദിഷ്ട പരസ്യക്കൂലിക്ക് പുറമെ അപേക്ഷാഫാറത്തിന്റെ വിലയായ 4 രൂപയും പാർട്ട് IV ഗസറ്റിന്റെ ഒരു കോപ്പിയുടെ വിലയായ 51 രൂപയും അടയ്ക്കണം.

4. **പരസ്യക്കൂലി ഒടുക്കേണ്ട വിധം :**

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും വിവിധ ജില്ലാ ഫാറം സ്റ്റോറുകളിലും പണം നേരിട്ട് അടയ്ക്കാവുന്നതാണ്. പ്രവൃത്തി ദിവസങ്ങളിൽ 10.30 മുതൽ 3.30 വരെ പണം സ്വീകരിക്കുന്നതാണ്.

(ബി) ചെലാൻ പ്രകാരം സർക്കാർ ട്രഷറിയിൽ നേരിട്ട് പണം ഒടുക്കാവുന്നതാണ്.

൧ പണം അടയ്ക്കേണ്ട അക്കൗണ്ട്
പാർട്ട് IV ഗസറ്റിന്റെ വിലയും രജിസ്ട്രേഷൻ കൂലിയും .. Sty. & Ptg. 0058 Cost of Gazette (102)

൨ പരസ്യക്കൂലി .. Sty. & Ptg. 0058 Advt. Charges (200)

(സി) പോസ്റ്റൽ മണി ഓർഡർ ആയിട്ടും തുക അടയ്ക്കാം. മണിയോർഡറിന്റെ കൂപ്പണിൽ തുക അയയ്ക്കുന്നതിന്റെ ആവശ്യവും, മേൽവിലാസവും വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷയിൽ പണം അടച്ചതിന്റെ തീയതി, തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷകൻതന്നെ ആയിരിക്കണം മണിയോർഡറും അയയ്ക്കേണ്ടത്.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം :**

(എ) പ്രായപൂർത്തിയായ ഓരോ വ്യക്തിയും പ്രത്യേകം പ്രത്യേകം (നിർദ്ദിഷ്ട ഫാറത്തിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച്) അപേക്ഷ സമർപ്പിക്കണം.

(ബി)(1) മൈനറായ കുട്ടികളെ സംബന്ധിച്ച പരസ്യം അച്ഛൻ / അമ്മ / അംഗീകൃത രക്ഷകർത്താവ് എന്നിവരിൽ ഒരാൾ അപേക്ഷിക്കണം.

(2) ഒന്നിൽ കൂടുതൽ കുട്ടികളെ സംബന്ധിച്ച പരസ്യം ഒരേ വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ്. എന്നാൽ, ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകം ഫീസ് അടയ്ക്കണം.

(3) കുട്ടികളുടെ പേര്, ജനനത്തീയതി, മാതാപിതാക്കളുടെ പേര് എന്നിവ ഉൾക്കൊള്ളുന്ന വിദ്യാലയ അധികൃതരുടെ സർട്ടിഫിക്കറ്റും ജനന സർട്ടിഫിക്കറ്റും മറ്റ് അംഗീകൃത രേഖകളും ഹാജരാക്കണം.

(4) കുട്ടികളുടെ മതംമാറ്റം മാതാവ് / പിതാവ് / അംഗീകൃത രക്ഷകർത്താവ് ഇവരിൽ ആരുടെയെങ്കിലും മതത്തിലേയ്ക്കായിരിക്കണം. അല്ലാത്തപക്ഷം മാതാവ് / പിതാവ് / അംഗീകൃത രക്ഷകർത്താവ് ഇവരുടെ മതംമാറ്റ പരസ്യത്തിൽ ഉൾപ്പെടുത്തി മതം മാറാവുന്നതാണ്.

(സി) വിദ്യാഭ്യാസ യോഗ്യതയില്ലാത്ത അപേക്ഷകരുടെ ജാതി, മതം, അച്ഛന്റെ പേര് എന്നിവ തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

6. **വിജ്ഞാപനം**

(എ) പേര് / ഒപ്പ് / മതം / ജാതി എന്നിവയെ സംബന്ധിച്ച ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുള്ള വിജ്ഞാപനത്തിന്റെ രണ്ടു കോപ്പി കടലാസ്സിന്റെ ഒരു വശത്തുമാത്രം വൃത്തിയായി ടൈപ്പ് ചെയ്ത് അപേക്ഷകന്റെ നിലവിലുള്ള (പഴയ) പേരും ഒപ്പും രേഖപ്പെടുത്തണം. (വിജ്ഞാപനത്തിന്റെ മാതൃകയ്ക്ക് കേരള ഗസറ്റിന്റെ പാർട്ട് IV അഥവാ വെബ്സൈറ്റ് നോക്കുക.)

(ബി) അപേക്ഷയും വിജ്ഞാപനവും ഒരേ പേരിലും മേൽവിലാസത്തിലും ആയിരിക്കണം.

(സി) വിജ്ഞാപനത്തിൽ വിദ്യാഭ്യാസ യോഗ്യതകൾ, പാസ്പോർട്ട് മുതലായവ ഉൾക്കൊള്ളിക്കണമെങ്കിൽ പ്രസ്തുത രേഖകളുടെ ആണ്ട്, മാസം രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുള്ളവർ അതിന്റെ ബുക്ക് നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളുന്ന പുറം ചട്ടയുടെയും പേര്, ജനനത്തീയതി, അച്ഛന്റെ പേര് എന്നിവ ഉൾക്കൊള്ളുന്ന പേജിന്റെയും കോപ്പി ഉൾപ്പെടെ മറ്റ് എല്ലാ രേഖകളും സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് പേരും ഉദ്യോഗപ്പേരും സഹിതം സാക്ഷ്യപ്പെടുത്തി ഓരോ കോപ്പി അപേക്ഷയോടൊപ്പം ഹാജരാക്കണം.

(ഡി) ജോലിയുടെ വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽനിന്നുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ഇ) സ്കൂളിലോ കോളേജിലോ പഠിക്കുന്ന വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത വിദ്യാലയത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

(എഫ്) സ്വന്തം പേരിനോട് ഭർത്താവിന്റെ പേര് ചേർത്ത് പേരുമാറ്റം പ്രസിദ്ധപ്പെടുത്തുന്നതിന് 6(സി)-ൽ പറഞ്ഞിരിക്കുന്നതുപോലെ വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി ഹാജരാക്കണം.

(ജി) ഒന്നിൽ കൂടുതൽ പേര് പല രേഖകളിലുമുള്ള വ്യക്തികൾ, പ്രസ്തുത എല്ലാ രേഖകളുടേയും കോപ്പികൾ ഹാജരാക്കണം. ആ വിവരം വിജ്ഞാപനത്തിൽ രേഖപ്പെടുത്തുകയും വേണം. കൂടാതെ ഒന്നിൽ കൂടുതൽ പേരുകളിൽ അറിയുന്നതിന് ഒരാൾ തന്നെയാണെന്നുള്ളതിനുള്ള തെളിവായി രേഖകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി (സർട്ടിഫിക്കറ്റ് നമ്പർ, തീയതി മുതലായവ) സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കണം.

(എച്ച്) മേൽവിലാസത്തിന് തെളിവായി റസിഡൻസ് / നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ളവ ഹാജരാക്കണം. അഥവാ തത്തുല്യമായ രേഖകൾ ഹാജരാക്കണം.

(ഐ) ജനനത്തീയതി വ്യത്യസ്ത രേഖകളിൽ വ്യത്യസ്തമായി കാണുകയാണെങ്കിൽ ആയത് ഏകീകരിച്ചതിനുശേഷം മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ.

7. **ഒപ്പ് മാറ്റം**

ഒപ്പ് മാത്രം മാറ്റുന്നതിന് പഴയ ഒപ്പും പുതിയ ഒപ്പും വെള്ളപേപ്പറിൽ കറുത്ത മഷികൊണ്ട് രേഖപ്പെടുത്തി നൽകണം. അപേക്ഷാഫോറത്തിലെ 4, 4a എന്നീ കോളങ്ങളിൽ ഒപ്പ് രേഖപ്പെടുത്തണം. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട വിജ്ഞാപനത്തിൽ പഴയ ഒപ്പും പുതിയ ഒപ്പും രേഖപ്പെടുത്തണം. കൂടാതെ വിജ്ഞാപനം ഒപ്പിടണം. (പഴയ / നിലവിലുള്ള ഒപ്പ്).

8. **മത പരിവർത്തനം**

മതപരിവർത്തനത്തിന് സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുള്ള അംഗീകൃത സംഘടനകളിൽ നിന്നോ (ഹിന്ദു, ഇസ്ലാം മതങ്ങളിലേക്ക്) പള്ളികളിൽനിന്നോ (ക്രിസ്തുമതത്തിലേക്ക്)നൽകുന്ന മതപരിവർത്തന സർട്ടിഫിക്കറ്റോ സാക്ഷ്യപ്പെടുത്തിയ കോപ്പിയോ നൽകണം.

9. **ജാതി തിരുത്തൽ**

ജാതി തിരുത്തുന്നത് സംബന്ധിച്ച തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ജാതി തിരുത്തി പട്ടിക ജാതിയിൽ / പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള തഹസീൽദാരുടെ അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആന്ത്രോപ്പോളജിക്കൽ സർവ്വേ നടത്തിയ കത്തിന്റെ ശരിപ്പകർപ്പ് ഗസറ്റഡ് ആഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കണം. ജാതി തിരുത്തി പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേ ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയ തഹസിൽദാരുടെ അസ്സൽ സർട്ടിഫിക്കറ്റ് (വിദ്യാഭ്യാസ രേഖയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി) ഹാജരാക്കേണ്ടതാണ്. തഹസിൽദാരുടെ സർട്ടിഫിക്കറ്റ് തിരിച്ച് നൽകുന്നതല്ല.

10. **സാക്ഷ്യപത്രം**

അപേക്ഷയിലെ കുറിപ്പ് ഒന്നിൽ പറയുന്ന ഏതെങ്കിലും ഓഫീസറെക്കൊണ്ടുമാത്രം സാക്ഷ്യപ്പെടുത്തണം. പ്രസ്തുത ഓഫീസറുടെ പേരും ഒപ്പും ഉദ്യോഗപ്പേരും ഓഫീസ് സീലും വ്യക്തമായി രേഖപ്പെടുത്തണം.

11. (1) ആവശ്യമുള്ളത്ര പാർട്ട് IV ഗസറ്റിന് അപേക്ഷയോടൊപ്പം പണം അടയ്ക്കണം. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനുശേഷം ഗസറ്റിന്റെ കൂടുതൽ കോപ്പികൾ പ്രസ്സിൽനിന്നും ലഭിക്കുന്നതല്ല.

(2) വിജ്ഞാപനം പ്രസിദ്ധം ചെയ്ത ഗസറ്റുകൾ രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കുന്നതാണ്. അപേക്ഷകർ കൈപ്പറ്റാതെ മടങ്ങിവരുന്ന ഗസറ്റുകൾ ആറുമാസത്തിനകം ഗവൺമെന്റ് പ്രസ്സിലെ പ്രസിദ്ധീകരണ വിഭാഗത്തിൽ നിന്ന് തെളിവ് ഹാജരാക്കി വാങ്ങേണ്ടതാണ്.

12. അപേക്ഷ, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും കൂടാതെ ഈ വകുപ്പിൻകീഴിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം കണ്ണൂർ ജില്ലകളിൽ പ്രവർത്തക്കുന്ന ജില്ലാ ഫാറം സ്റ്റോറുകളിലും സ്വീകരിക്കുന്നതാണ്.

13. ഗസറ്റ് വിജ്ഞാപനത്തിനുശേഷം അപേക്ഷകന്റെ രേഖകളിൽ തിരുത്തലുകൾ വരുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സമീപിക്കേണ്ടതാണ്. ഇത് അച്ചടി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല.

(ഒപ്പ്)

ഡയറക്ടർ

## ഫാറം

### കേരള സർക്കാർ ഗസറ്റിൽ പേര് / ഒപ്പ് / മതം മാറ്റുന്നതിനും ജാതി തിരുത്തുന്നതിനുമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള അപേക്ഷ

| | |
|---|---|
| 1. അപേക്ഷകന്റെ പേരും ഇനിഷ്യലും | |
| 1a. പരസ്യം മൈനർക്കുവേണ്ടിയാണെങ്കിൽ മൈനററുടെ പേരും ഇനിഷ്യലും | |
| 2. മേൽവിലാസം (വീട്ടുപേര്, വീട്ടുനമ്പർ, തപാൽ, താലൂക്ക്, ജില്ല, പിൻ കോഡ് എന്നീ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം) | |
| 2a. അപേക്ഷകൻ / മൈനർ - സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പേരും ഇനിഷ്യലും | |
| 3. മതം മാറുന്നുണ്ടെങ്കിൽ നിലവിലുള്ള മതം/ ജാതി/ജാതി തിരുത്തുന്നതിന് നിലവിലുള്ള ജാതി | |
| 3a. പരിവർത്തനം ചെയ്യപ്പെട്ട മതം/തിരുത്തിയ ജാതി | |
| 4. ഒപ്പ്, ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നിലവിലുള്ള ഒപ്പ് | |
| 4a. ഭേദഗതി ചെയ്ത ഒപ്പ് | |
| 5. പേര്/ഒപ്പ്/മതം/ജാതി ഭേദഗതി ചെയ്യുന്നതിനുള്ള വ്യക്തമായ കാരണങ്ങൾ | |
| 6. ആവശ്യമുള്ള ഗസറ്റിന്റെ എണ്ണം | |
| 7. പരസ്യക്കൂലി ഒടുക്കിയ തുകയും രസീതിന്റെ / മണിയോർഡർ കൂപ്പണിന്റെ / ചെലാന്റെ നമ്പർ, തീയതി, ചെലാനാണെങ്കിൽ ട്രഷറിയുടെ പേരും/ പണം ഒടുക്കുന്ന ഓഫീസിന്റെ പേരും | |

### സത്യപ്രതിജ്ഞ

പേര്/ഒപ്പ്/മതം/ജാതി മാറ്റുന്നതിനുവേണ്ടി ഈ അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും സത്യാമാണെന്നും ഇതു സംബന്ധിച്ച് നിയമപരമായോ അല്ലാതെയോ എന്തെങ്കിലും ഭവിഷ്യത്തുകൾ ഉണ്ടാവുകയാണെങ്കിൽ അതിന് ഞാൻ തന്നെ പൂർണ്ണമായും ഉത്തരവാദിയായിരിക്കുമെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ പൂർണ്ണമായ ഒപ്പ്

### സാക്ഷ്യപത്രം

പേര്/ഒപ്പ്/മതം/ജാതി മാറ്റുന്നതു സംബന്ധിച്ച് വിജ്ഞാപനം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നാവശ്യപ്പെടുന്ന ഈ അപേക്ഷകനായ ശ്രീമതി./ശ്രീ............................................................................ എനിക്ക് നേരിട്ടറിയാമെന്നും അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

സ്ഥലം : പേര്

തീയതി : ഉദ്യോഗപ്പേര്

(ആഫീസിന്റെ മുദ്ര)

കുറിപ്പ് :-

1. സാക്ഷ്യപത്രം സിറ്റി കോർപ്പറേഷൻ/മുനിസിപ്പാൽ കമ്മീഷണർ/ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/വില്ലേജ് ആഫീസർ / ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ എന്നീ വിഭാഗങ്ങളിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെക്കൊണ്ട് ഒപ്പിടുവിക്കേണ്ടതാണ്. കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ യൂണിവേഴ്സ്റ്റി/പ്രൈവറ്റ്/അൺ എയ്ഡഡ് സ്കൂളിലെ ഉദ്യോഗസ്ഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ സ്വീകാര്യമല്ല.
2. മൈനറിനെ സംബന്ധിക്കുന്ന പരസ്യമാണ് കൊടുക്കേണ്ടതെങ്കിൽ, കുട്ടിയുടെ രക്ഷകർത്താവ് തന്നെ അപേക്ഷിക്കേണ്ടതും സാക്ഷ്യപത്രം രക്ഷകർത്താവിന്റെ പേരിൽത്തന്നെ ആയിരിക്കേണ്ടതുമാണ്.